**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 712** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയുള്ള പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. കെ. പ്രവീൺ

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** കൂത്തുപറമ്പ് നിയോജക മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളും അവയുടെ നിലവിലുള്ള പുരോഗതിയും വിശദമാക്കുമോ;

**<u>മറുപടി:</u>** **പട്ടികവർഗ വികസന വകുപ്പ്**

കൂത്തുപറമ്പ് നിയോജക മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളും അവയുടെ നിലവിലുള്ള പുരോഗതിയും അനുബന്ധമായി ചേർക്കുന്നു.

**പട്ടികജാതി വികസന വകുപ്പ്**

കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ കൂത്തുപറമ്പ് മുനിസിപ്പാലിറ്റിയിൽ ആമ്പിലാട് നഗറിൽ ഐശ്വര്യ ഗ്രാമം പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതിക അനുമതി ലഭിക്കാത്തതിനാൽ പദ്ധതി ആരംഭിച്ചിട്ടില്ല.

**(ബി)** പ്രസ്തുത പദ്ധതികളുടെ പൂർത്തീകരണത്തിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; വിശദമാക്കുമോ; ഇല്ലെങ്കിൽ എന്നത്തേക്ക് പൂർത്തീകരിക്കാനാവുമെന്ന് വ്യക്തമാക്കുമോ?

**<u>മറുപടി:</u>** **പട്ടികവർഗ വികസന വകുപ്പ്**

പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നിർവ്വഹണ ഏജൻസികളുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

**പട്ടികജാതി വികസന വകുപ്പ്**

കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ കൂത്തുപറമ്പ് മുനിസിപ്പാലിറ്റിയിൽ ആമ്പിലാട് നഗറിൽ ഐശ്വര്യ ഗ്രാമം പദ്ധതിക്ക് സാങ്കേതികാനുമതി ലഭിക്കാത്തതിനാൽ പദ്ധതി ആരംഭിച്ചിട്ടില്ല.

**സെക്ഷൻ ഓഫീസർ**

<u>അനുബന്ധം</u>

| പദ്ധതി | വർഷം | ഊരിന്റെ പേര് | നിർവ്വഹണ ഏജൻസി | നിലവിലെ സ്ഥിതി |
|---|---|---|---|---|
| **അംബേദ്കർ സെറ്റിൽമെന്റ്** | 2017-18 | അമ്മാറമ്പ് | ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് | 75 ശതമാനം പ്രവർത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. ഏജൻസിയുടെ ബില്ലുകളും പ്രവർത്തികളും പരിശോധിക്കുന്നതിന് സർക്കാർ നിയോഗിച്ച ടെക്നിക്കൽ കമ്മിറ്റി പരിശോധന നടന്നു വരുന്നു. |
| **അംബേദ്കർ സെറ്റിൽമെന്റ്** | 2020-21 | കടവിൽ മുണ്ടയോട് | പാട്യം ഗ്രാമപഞ്ചായത്ത് | ഭരണാനുമതി ലഭ്യമായിട്ടുണ്ട്. സാങ്കേതിക അനുമതി ലഭ്യമാക്കി പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ നിർവ്വഹണ ഏജൻസി മുഖേന നടന്നു വരുന്നുണ്ട്. |
| **അംബേദ്കർ സെറ്റിൽമെന്റ്** | 2022-23 | നരിക്കോട് മല | തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത് | ഭരണാനുമതി ലഭ്യമായിട്ടുണ്ട്. സാങ്കേതിക അനുമതി ലഭ്യമാക്കി പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ നിർവ്വഹണ ഏജൻസി മുഖേന നടന്നു വരുന്നുണ്ട്. |

Chitra

സെക്ഷൻ ഓഫീസർ